**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 504** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>ജീവനക്കാരുടെ ക്ഷാമബത്തയും ശമ്പള പരിഷ്കരണവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. എം. വിൻസെന്റ്
ശ്രീ. സി. ആർ. മഹേഷ്
ശ്രീ. ചാണ്ടി ഉമ്മൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ക്ഷാമബത്ത ജീവനക്കാരുടെ അവകാശമല്ലെന്നും ഭരണപരമായ തീരുമാനത്തിന്റെ ഭാഗമാണെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിലപാടിന്റെ കാരണം വിശദമാക്കാമോ;

**<u>മറുപടി:</u> ക്ഷാമബത്ത ജീവനക്കാരുടെ അവകാശമല്ലെന്നും ഭരണപരമായ തീരുമാനത്തിന്റെ ഭാഗമാണെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടായിരുന്നെങ്കിലും സർക്കാർ ജീവനക്കാർക്കും പെൻഷൻ കാർക്കും അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ച് വരുന്നത്.**

**(ബി)** സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക നൽകാനും ശമ്പള പരിഷ്കരണം നടത്താനും സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u> സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതു സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.**

**സെക്ഷൻ ഓഫീസർ**